LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) അങ്കമാലി നിയോജക മണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന 47-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച അപേക്ഷയിന്മേൽ, ടി അങ്കണവാടി നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, പ്ലാൻ സ്കെച്ച് എന്നിവ ലഭ്യമാക്കുന്നതിനും സ്ഥലം അളന്ന് തിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സംരക്ഷണം

317 (3604) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക അതിക്രമങ്ങൾക്ക് ഇരയായവരെ സംരക്ഷിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഇത്തരം ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ പുതിയ സംവിധാനങ്ങൾ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്ന വനിതകളെ സംരക്ഷിക്കുന്നത് നിലവിലുള്ള നിയമമാണ് ഗാർഹിക പീഡനത്തിൽനിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം, 2005. ടി നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിൽ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ 101 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളും നിലവിലുണ്ട്. ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്നവർക്ക് ടി സെന്ററുകളിൽ പ്രവർത്തിക്കുന്ന വനിതാ അഡ്വക്കേറ്റ്മാരായ ലീഗൽ കൗൺസിലേഴ്സ് മുഖേനയും ക്ലിനിക്കൽ സൈക്കോളജിസ്റ്റ് മുഖേനയും കൗൺസിലിംഗ്, നിയമ സഹായം, വൈദ്യസഹായം എന്നിവ നൽകുന്നുണ്ട്. ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് കേരള വനിതാ കമ്മീഷനിൽ നിന്നും നിയമോപദേശവും നിയമാനുസൃതമായ

നിവൃത്തികൾ ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും കൗൺസിലിംഗ് സേവനങ്ങളും നൽകി വരുന്നുണ്ട്. സ്വന്തം വീട്ടിലേയ്ക്ക് തിരികെ പോകുവാൻ സാധിക്കാത്ത സാഹചര്യമുള്ള സ്ത്രീകൾക്ക് ഷോർട്ട് സ്റ്റേ ഹോം സംവിധാനവും കമ്മീഷൻ നൽകുന്നുണ്ട്.

(ബി&സി) ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്ന വനിതകളെ സംരക്ഷിച്ച് പാർപ്പിക്കുന്നതിന് നിലവിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള മഹിളാ മന്ദിരങ്ങളെയാണ് ആശ്രയിക്കുന്നത്. ഗാർഹിക പീഡനത്തിന് ഇരയാകുന്ന വനിതകൾക്ക് ആവശ്യമായ കൗൺസിലിംഗും ആഹാരവും വസ്ത്രവും താൽക്കാലിക താമസവും നിയമസഹായവും ചിലപ്പോൾ പ്രത്യേക വൈദ്യസഹായവും തൊഴിൽ പരിശീലനവും നൽകേണ്ടത് അത്യാവശ്യമായതിനാൽ ഗാർഹിക പീഡനത്തിന് ഇരയാകുന്നവർക്ക് മാത്രമായി ഓരോ ജില്ലയിലും കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ ഒരു പ്രത്യേക ഷെൽട്ടർ ഹോം ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഗാർഹിക പീഡനത്തിന് ഇരയാകുന്ന വനിതകൾക്ക് തൊഴിൽ പരിശീലനം വഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ഒരു പുനരധിവാസ പദ്ധതിയും 2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിന് സാമൂഹ്യക്ഷേമ ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്. സർക്കാർ അംഗീകൃത സന്നദ്ധ സംഘടനകൾ വഴി ടി പദ്ധതി നടപ്പിലാക്കുന്നതിനായി സാമൂഹ്യക്ഷേമ ബോർഡിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ നിന്നും സ്ത്രീകളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നതും അടിസ്ഥാന സൗകര്യങ്ങളോടുകൂടിയതും ഭദ്രമായ സാമ്പത്തിക അടിത്തറയുള്ളതും പ്രവർത്തന പരിചയമുള്ളതുമായ സംഘടനകളെ സാമൂഹ്യക്ഷേമ ബോർഡിന് കീഴിലുള്ള സെലക്ഷൻ കമ്മിറ്റി വഴി ബോർഡ് തെരഞ്ഞെടുക്കുകയും ചെയ്യുന്നതാണ്.

കുടുംബശ്രീ ടാവൽസ്

318 (3605) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ ടാവൽസിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly